"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ: സ്റ്റാറി പോൾ)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് -ജീവനക്കാര്യം - വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സ്ഥാനക്കയറ്റം നടത്തി ഉത്തരവാകുന്നു.

പരാമർശം:- ജോയിന്റ് ഡയറക്ടറുടെ 30.11.2022 തീയതിയിലെ ഇതേ നമ്പർ ചുറ്ററിയിപ്പ്.

ഉത്തരവ് നമ്പർ:ഡി.റ്റി/2977/2022-എ6 തീയതി: 14-03-2023

വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്ന് NTC/NAC യോഗ്യതയുള്ള ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കാൻ പരാമർശ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ ട്രേഡുകളിൽ NTC/NAC യോഗ്യത ഉള്ള ജീവനക്കാരുടെ വിവരങ്ങൾ സ്ഥാപന മേധാവികൾ ലഭ്യമാക്കിയിട്ടുണ്ട്. ടി വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാർക്ക് വിശേഷാൽ ചട്ട പ്രകാരം ഉള്ള യോഗ്യതയുടേയും ഒഴിവുകളുടേയും അടിസ്ഥാനത്തിൽ അവരുടെ പേരിന് നേരെ കാണിച്ചിട്ടുള്ള ട്രേഡിൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെന്ന് കാണുന്നു.

| ക്രമ നം. | ജീവനക്കാരന്റെ/ ജീവനക്കാരിയുടെ പേര് | ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നം. | ട്രേഡ് | NTC/NAC കരസ്ഥമാക്കിയ വർഷം | നിലവിൽ സേവനത്തിൽ ഉള്ള സ്ഥാപനം |
|---|---|---|---|---|---|
| 1 | ശ്രീ.ശക്തിധരൻ .കെ.വി | 1250 | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 2022 | ഐ.ടി.ഐ മലമ്പുഴ |
| 2 | ശ്രീ.അതുൽ രാജ് | 1211 | ഡി.റ്റി.പി.ഒ | 2022 | ഐ.ടി.ഐ ഇളമാട് |
| 3 | ശ്രീ.ദീപക്.എം.വി | 1183 | ഇലക്ട്രീഷ്യൻ | 2022 | ഐ.ടി.ഐ കളമശ്ശേരി |
| 4 | ശ്രീ.മനു.എം | 1224 | ഇലക്ട്രീഷ്യൻ | 2022 | ഐ.ടി.ഐ അരീക്കോട് |
| 5 | ഹരി.വി.എസ് | 826 | ഹോസ്പിറ്റാലിറ്റി ഫുഡ് പ്രൊഡക്ഷൻ | 2007 | ഐ.ടി.ഐ പള്ളിക്കത്തോട് |
| 6 | ശ്രീമതി. സിതാ ലക്ഷ്മി | 740 | കാർപ്പന്റർ | 2022 | ഐ.ടി.ഐ ചെങ്ങന്നൂർ |
| 7 | അരുൺ.എം | 1068 | കാർപ്പന്റർ | 2022 | ഐ.ടി.ഐ കൊല്ലം |

ടി സാഹചര്യത്തിൽ മേൽപ്പറഞ്ഞ ട്രേഡുകളിൽ ഒഴിവുള്ള വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ 19/04/2022 തീയതിയിലെ ഡി.റ്റി/2883/2019-എ9 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന ലാസ്റ്റ് ഗ്രേഡ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന ജീവനക്കാർക്ക് പ്രസ്തുത

തസ്തികയുടെ വിശേഷാൽ ചട്ട പ്രകാരം ഉള്ള അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ കേരളാ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 3(4), KS&SSR ചട്ടം 31(A)(1) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താൽക്കാലികാടിസ്ഥാനത്തിൽ 25100-57900 രൂപ ശമ്പള നിരക്കിൽ അവരുടെ പേരിന് നേരെ പരമാർശിച്ചിരിക്കുന്ന സ്ഥാപനത്തിൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ താൽക്കാലികമായി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജീവനക്കാരന്റെ/ജീവനക്കാരിയുടെ പേര് | ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നം. | ട്രേഡ് | NTC/NAC കരസ്ഥമാക്കിയ വർഷം | നിലവിൽ സേവനത്തിൽ ഉള്ള സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|---|---|---|
| 1 | ശ്രീ.ശക്തിധരന്.കെ.വി | 1250 | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 2022 | ഐ.ടി.ഐ മലമ്പുഴ | ഐ.ടി.ഐ കഞ്ഞിക്കുഴി |
| 2 | ശ്രീ.അതുല് രാജ് | 1211 | ഡി.റ്റി.പി.ഒ | 2022 | ഐ.ടി.ഐ ഇളമാട് | ഐ.ടി.ഐ (വ) കഴക്കൂട്ടം |
| 3 | ശ്രീ.ദീപക്.എം.വി | 1183 | ഇലക്ട്രീഷ്യൻ | 2022 | ഐ.ടി.ഐ കളമശ്ശേരി | ഐ.ടി.ഐ ചാലക്കുടി |
| 4 | ശ്രീ.മനു.എം | 1224 | ഇലക്ട്രീഷ്യൻ | 2022 | ഐ.ടി.ഐ അരീക്കോട് | ഐ.ടി.ഐ മാറഞ്ചേരി |
| 5 | ഹരി.വി.എസ് | 826 | ഹോസ്പിറ്റാലിറ്റി ഫുഡ് പ്രൊഡക്ഷന് | 2007 | ഐ.ടി.ഐ പള്ളിക്കത്തോട് | ഐ.ടി.ഐ പള്ളിക്കത്തോട് |
| 6 | ശ്രീമതി. സീതാ ലക്ഷ്മി | 740 | കാർപ്പന്റർ | 2022 | ഐ.ടി.ഐ ചെങ്ങന്നൂര് | ഐ.ടി.ഐ മലമ്പുഴ |
| 7 | അരുണ്.എം | 1068 | കാർപ്പന്റർ | 2022 | ഐ.ടി.ഐ കൊല്ലം | ഐ.ടി.ഐ കണ്ണൂർ |

തസ്തികമാറ്റം വഴി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾ കേരളാ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 6-ലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

തസ്തികമാറ്റം വഴി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് കേരളാ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 7(1) ലെ വ്യവസ്ഥ പ്രകാരം ആദ്യ 2 വർഷക്കാലയളവിലെ തുടർച്ചയായ ഒരു വർഷം പ്രൊബേഷൻ കാലയളവായിരിക്കും.

തസ്തികമാറ്റം വഴി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അടിയന്തരമായി നിലവിലെ തസ്തികയിൽ നിന്ന് വിടുതൽ ചെയ്യേണ്ടതും, പ്രസ്തുത ജീവനക്കാർ പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കേണ്ടതുമാണ്. ടി ജീവനക്കാർക്ക് നിലവിലെ ചട്ടങ്ങൾ പ്രകാരമുള്ള യാത്രാപ്പടിക്കും, പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്. വകുപ്പില് വിവിധ തസ്തികകളിൽ 01.09.2022 മുതൽ നിലവിൽ വരുന്ന ഒഴിവുകളിൽ Online മുഖേനെ മാത്രമെ സ്ഥലം മാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ വര്ക്ക്ഷോപ്പ് അറ്റൻഡാർ തസ്തികയിൽ നിലവിലുള്ള തുറന്ന ഒഴിവുകളിലേയ്ക്ക് സ്ഥാനകയറ്റം അനുവദിക്കുന്നു. 2023 വർഷത്തെ പൊതു

സ്ഥലംമാറ്റം വഴി ലഭിക്കുന്ന അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ മേൽപ്പറഞ്ഞ ജീവനക്കാർക്ക് നിലവിൽ നൽകിയിട്ടുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ പുന:പരിശോധിക്കുന്നതാണ്.

ഒപ്പ്.
**ജോയിന്റ് ഡയറക്ടർ**

സ്വീകർത്താവ്:- സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ
(മേലധികാരി മുഖേന)

പകർപ്പ്:-

1. വകുപ്പിന് കീഴിലെ സ്ഥാപനമേധാവികൾ
2. വകുപ്പ് വെബ്സൈറ്റ്
3. കരുതൽ ഫയൽ

**//ഉത്തരവിൻ പ്രകാരം//**

**സീനിയർ സൂപ്രണ്ട്**